**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 480** **24-03-2025 - ൽ മറുപടിയ്ക്ക്**

**കേരള യുണൈറ്റഡ് എഗെൻസ്റ്റ് റെയർ ഡിസീസസ് കെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അപൂർവ്വ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും അവയ്ക്കുള്ള ചികിത്സാരംഗത്തും സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ പ്രത്യേകം അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | അപൂർവ്വ രോഗങ്ങൾ കാരണം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് രോഗങ്ങളെ പ്രതിരോധിക്കാനും, നേരത്തെ കണ്ടെത്താനും, ചികിത്സകൾ ലഭ്യമായ സാഹചര്യങ്ങളിൽ അവ ലഭ്യമാക്കാനും, മരുന്നുകൾ കൂടാതെ സാധ്യമായ തെറാപ്പികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ, ഗൃഹകേന്ദ്രീകൃത സേവനങ്ങൾ ഉറപ്പുവരുത്തൽ, മാതാപിതാക്കൾക്കുള്ള മാനസിക സാമൂഹിക പിന്തുണ ഉറപ്പ് വരുത്തൽ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനസർക്കാർ ഒരുക്കിയ ഒരു സമഗ്രപരിചരണ പദ്ധതിയാണ് KARE. സ്പൈനൽ മസ്കുലാർ അട്രോഫി, gaucher, pompe, Growth hormone deficiency മുതലായ അപൂർവ രോഗങ്ങൾക്ക് മരുന്ന് ചികിത്സ നൽകി വരുന്നുണ്ട്. പൂർണമായി ചികിൽസിച്ച് ഭേദമാക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ തന്നെ disease modifying agents എന്ന ഗണത്തിലുള്ള മരുന്നുകളോടൊപ്പം കൃത്യമായ പരിചരണം, ഫിസിയോതെറാപ്പി മറ്റു ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തെറാപ്പികൾ, Assistive devices എന്നിവ കൊടുത്തു സഹായിക്കുക തുടങ്ങിയ മാർഗ്ഗങ്ങളാണ് ലോകത്താകമാനം പല അപൂർവരോഗങ്ങൾക്കും നൽകി വരുന്നത്.<br><br>തിരുവനന്തപുരം SAT ആശുപത്രിയിൽ സർക്കാർ തലത്തിൽ ആദ്യമായി ഒരു മൾട്ടി ഡിസിപ്ലിനറി ക്ലിനിക്ക് വിവിധ ചികിത്സ വിഭാഗങ്ങളെ ഏകോപിപ്പിച്ച് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പീഡിയാട്രിക് ന്യൂറോളജി, ജനറ്റിക്സ്, ഓർത്തോപീഡിക്സ്, പൾമൊണറി മെഡിസിൻ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ എന്നീ വകുപ്പുകളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ |

ഇത്തരത്തിൽ രോഗമുള്ള കുട്ടികളുടെ രോഗനിർണയം, വിവിധങ്ങളായ ചികിത്സകൾ എന്നിവ നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ രോഗ നിർണയത്തിനായും ഗർഭാവസ്ഥയിൽ തന്നെ രോഗം കണ്ടെത്തുന്നതിനുമുള്ള ജനറ്റിക് ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങളും തിരുവനന്തപുരത്തു Child Development Centre-ൽ ലഭ്യമാക്കിയിട്ടുണ്ട്.

ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലസീമിയ ബാധിതരായ രോഗികൾക്കായി പ്രത്യേക സ്ക്രീനിംഗ് സൗകര്യവും അവർക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങളും 'ആശാധാര' പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിൽ 'ആശാധാര' പദ്ധതിയിൽ ഇതുവരെ 3415 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കുള്ള സമഗ്ര ചികിത്സ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ഡേകെയർ സെന്ററുകൾ (DDCC) ആരംഭിക്കുകയും അതിലേക്ക് ഒരു മുഴുവൻ സമയ patient Care Coordinator നെ നിയമിക്കുകയും ഒരു ഡോക്ടറിന് നോഡൽ ഓഫീസറുടെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ രജിസ്ട്രേഷൻ, രോഗീ പരിചരണത്തിന്റെ ഭാഗമായുള്ള ബോധവൽക്കരണം, പരിശോധനകൾ എന്നിവ കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കുക എന്നിവയാണ് പ്രധാനമായി ജില്ലാ ഡേകെയർ സെന്ററുകൾ ചെയ്തുവരുന്നത്. ഇതുകൂടാതെ ജില്ലയിൽ ലഭ്യമായ മറ്റു സേവനങ്ങൾ രോഗികൾക്ക് പ്രയോജനകരമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താനും DDCC ശ്രമിച്ചുവരുന്നു.

രാജ്യത്ത് തന്നെ ആദ്യമായി അതിനൂതന ചികിത്സയായ മോണോക്ലോണൽ ആന്റിബോഡി പ്രൊഫിലക്സിസ് ചികിത്സ 18 വയസ്സിന് താഴെയുള്ള മുഴുവൻ ഹീമോഫീലിയ എ ബാധിതരായ കുഞ്ഞുങ്ങൾക്കും നൽകാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ഇത് ആഗോളതലത്തിൽ തന്നെ ചർച്ച ചെയ്യപ്പെടുകയും അഭിനന്ദിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. SMA - എന്ന അപൂർവ രോഗത്തിനായി 102 കുട്ടികൾക്ക് മരുന്നു ചികിത്സ നൽകാൻ KARE പദ്ധതിയിലൂടെ സാധിച്ചു. അന്താരാഷ്ട്ര ന്യൂറോമസ്കുലർ വിദഗ്ധരുടെ സെമിനാറിൽ ആഗോള വിദഗ്ധർ ഉൾപ്പെടെ കേരള മാതൃകയെ അഭിനന്ദിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| | | | അപൂർവ്വ ജനിതക രോഗങ്ങളുടെ രോഗ നിർണ്ണയം, ചികിത്സ, കൗൺസിലിംഗ് എന്നിവയ്ക്കായി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് (എസ്.എ.റ്റി ആശുപത്രി) ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം Centre of Excellence for RARE diseases എന്ന പദവിയും നൽകിയിട്ടുണ്ട്. Centre of excellence for RARE diseases ന്റെ ഭാഗമായി NPRD Policy 2021 ന്റെ മാനദണ്ഡങ്ങൾ പ്രകാരം ഇവിടെ രജിസ്റ്റർ ചെയ്തിട്ടുള്ള അപൂർവ്വ രോഗ ബാധിതരിൽ 28 പേർക്ക് ചികിത്സ നൽകി വരുന്നു. അതുകൂടാതെ ഈ ആശുപത്രിയിൽ അപൂർവ്വ രോഗവുമായി ബന്ധപ്പെട്ട സ്പൈനൽ മസ്കുലാർ അട്രോഫി രോഗികൾക്കായി പ്രത്യേക ക്ലിനിക് എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ചകളിൽ നടത്തി വരുന്നു. |
| (ബി) | കേരള യുണൈറ്റഡ് എഗൈൻസ്റ്റ് റെയർ ഡിസീസസ് കെയർ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (ബി) | സ്പൈനൽ മസ്കുലാർ അട്രോഫി ബാധിതരായ കുട്ടികളുടെ മാതാപിതാക്കൾക്ക് ജനറ്റിക് കൗൺസിലിംഗ്, രോഗം കണ്ടെത്തുന്നതിനായി ടെസ്റ്റിംഗ് സൗകര്യം, ലഭ്യമായ മരുന്ന് ചികിത്സ, മരുന്നുകൾ കൂടാതെ സാധ്യമായ മറ്റ് തെറാപ്പികൾ, ഗൃഹകേന്ദ്രീകൃത സേവനങ്ങൾ, സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ, മെഡിക്കൽ കോളേജുകളിൽ ICU സൗകര്യം, മാതാപിതാക്കൾക്കുള്ള പരിശീലനങ്ങൾ എന്നിവ KARE പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുകയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് - Chest physiotherapy, Gastrostomy, Feeding തുടങ്ങിയ വിഷയങ്ങളിൽ മാതാപിതാക്കൾക്കുള്ള പരിശീലനം നൽകിക്കഴിഞ്ഞു. SMA ബാധിതരായ കുട്ടികളിൽ നട്ടെല്ലിന്റെ വളവ് നികത്തുന്നതിനുള്ള ചിലവേറിയ ഓപ്പറേഷനുകൾ, സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്തിവരുന്നു. 5 വയസ്സിന് താഴെയുള്ള SMA type-1 ബാധിതരായ കുഞ്ഞുങ്ങൾക്ക് ആരംഭിച്ച സൗജന്യ മരുന്ന് ചികിത്സ ഒരു വർഷം കൊണ്ട് 12 വയസ്സുവരെയുള്ള type-1, type-2 ബാധിതരായ മുഴുവൻ കുഞ്ഞുങ്ങൾക്കും നൽകാൻ സാധിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ തീവ്രപരിചരണ വിഭാഗം ശക്തിപ്പെടുത്തി സർക്കാർ മേഖലയിൽ മികച്ച തീവ്രപരിചരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.<br><br>ഇതോടൊപ്പംതന്നെ സംസ്ഥാനതലത്തിൽ തലാസീമിയ ചികിത്സയ്ക്കായി ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ (treatment guidelines) തയ്യാറാക്കിവരുന്നു. മജ്ജമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെ നിലവിൽ മലബാർ ക്യാൻസർ സെന്റർ |

| | | | |
|---|---|---|---|
| | | | വഴി ആരംഭിച്ചിട്ടുണ്ട്. Blood transfusion, iron chelator ചികിത്സ തുടങ്ങിയവ സർക്കാർ തലത്തിൽ നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>ദേശീയ സിക്കിൾ സെൽ അനീമിയ മിഷന്റെ ഭാഗമായി വയനാട് ജില്ലയിലെ ആദിവാസി വിഭാഗം ഉൾപ്പെടെയുള്ള മുഴുവൻ ആളുകളിലും സിക്കിൾ സെൽ അനീമിയ സ്ക്രീനിംഗ് ടെസ്റ്റുകൾ നടത്തിവരുന്നു. മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള 1,21,076 ടെസ്റ്റുകൾക്ക് പുറമെ നിലവിൽ നടത്തിയിട്ടുള്ള 1,10,000 ടെസ്റ്റുകൾ ഉൾപ്പെടെ ആകെ 2,31,076 പേരെ ഇതിനകം പരിശോധിച്ച് കഴിഞ്ഞിട്ടുണ്ട്. ഇവർക്ക് രോഗം മൂർച്ഛിക്കാതിരിക്കുന്നതിന് Hydroxyurea, Folic acid എന്നീ മരുന്നുകളുടെ ചികിത്സയും നൽകിവരുന്നുണ്ട്. കേന്ദ്രപദ്ധതിയിലുൾക്കൊള്ളിച്ചിരിക്കുന്ന വയനാട് ജില്ല കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി, മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലകളിൽക്കൂടി രോഗസാധ്യത കണക്കിലെടുത്ത് സ്ക്രീനിംഗ് ടെസ്റ്റുകൾ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ മേഖലയിലുള്ളവർക്കും ഇതിനോടകം Hydroxyurea, Folic acid എന്നീ മരുന്നുകളുടെ ചികിത്സ നൽകിവരുന്നുണ്ട്. സിക്കിൾ സെൽ അനീമിയ ബാധിതരുടെ ചികിത്സ ആവശ്യങ്ങൾക്ക് വയനാട് മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രത്യേക വാർഡ് സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | ഡിമെൻഷ്യ (മേധാക്ഷയം) രോഗ നിർണ്ണയം മുൻകൂട്ടി നടത്തുന്നതിലൂടെ സങ്കീർണ്ണതകൾ ഒഴിവാക്കി രോഗം നിയന്ത്രണ വിധേയമാക്കുന്നതിന് കഴിയുമെന്ന വിദഗ്ധരുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിമെൻഷ്യ ബാധിച്ചിട്ടുള്ള രോഗികൾ ചികിത്സക്കായി ന്യൂറോളജി വിഭാഗത്തിൽ എത്തുന്നുണ്ട്. എന്നാൽ ഡിമെൻഷ്യ രോഗത്തിന് പ്രതിവിധിയായിട്ടുള്ള Lecanemab എന്ന മരുന്നിന് ഒരു വർഷത്തേക്ക് ഒരു രോഗിക്ക് ഏകദേശം 25 ലക്ഷത്തോളം രൂപ വേണ്ടി വരുന്നു. മുംബൈയിൽ മാത്രം ലഭ്യമാകുന്ന പ്രസ്തുത മരുന്നിന്റെ വില വളരെ കൂടുതലായതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നിരുന്നാലും എല്ലാ വെള്ളിയാഴ്ചകളിലും മനോരോഗ ചികിത്സാ വിഭാഗം ഓ.പി യിൽ പ്രായാധിക്യം ഉള്ളവരുടെ മാനസികാരോഗ്യ സംരക്ഷണത്തിനായുള്ള സൈക്കോ ജിറിയാട്രിക് ക്ലിനിക് നടത്തിവരുന്നതും മറ്റേത് രോഗാവസ്ഥയും പോലെ തന്നെ മറവിരോഗ (മേധാക്ഷയം) വും നേരത്തെ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിലൂടെ ഒരു പരിധി വരെ അതിന്റെ സങ്കീർണ്ണതകളും മറ്റ് അനുബന്ധ പ്രശ്നങ്ങളും ഏറെ കാലത്തേയ്ക്ക് ലഘൂകരിച്ച് നിർത്തുവാനും കഴിയുന്നതിനാൽ ഇത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ചുള്ള അവബോധം ജനങ്ങളിലേയ്ക്ക് എത്തിക്കുവാനായി മാനസികാരോഗ്യ ബോധവൽക്കരണ മൊഡ്യൂളുകളിലെല്ലാം മേധാക്ഷയത്തെക്കുറിച്ചും അവ നേരത്തെ കണ്ടെത്തുവാൻ സഹായിക്കുന്ന ലക്ഷണങ്ങളെക്കുറിച്ചുമുള്ള വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതിയിൽ ആശമാർ ഭവനസന്ദർശനം നടത്തി ചെയ്യുന്ന സ്ക്രീനിംഗിൽ മേധാക്ഷയം (മറവിരോഗം) ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ ആശമാർക്ക് ഇക്കാര്യത്തിൽ പരിശീലനവും ലഭിച്ചിട്ടുണ്ട്. മറവി രോഗത്തെക്കുറിച്ചും, ചികിത്സരീതികളെക്കുറിച്ചും പൊതുസമൂഹത്തിൽ നില നിൽക്കുന്ന തെറ്റിധാരണകളും, സ്റ്റിഗ്മയും നിലനിൽക്കുന്നതു കാരണം ചികിത്സാ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ പൊതുസമൂഹം വിമുഖത കാട്ടുന്നുവെന്നതിനാൽ മേധാക്ഷയത്തെകുറിച്ചും, രോഗലക്ഷണങ്ങളെക്കുറിച്ചും, ചികിത്സ സംവിധാനങ്ങളെക്കുറിച്ചുമുള്ള അവബോധം ജനങ്ങൾക്കിടയിൽ വർദ്ധിപ്പിക്കുവാനും സ്റ്റിഗ്മ മാറ്റുവാനുമുള്ള IEC പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കൂടാതെ മേധാക്ഷയത്തിന്റെ ചികിത്സ ന്യൂറോളജിസ്റ്റുമാരുടെ മേൽനോട്ടത്തിലാണ് നടക്കുന്നുവെന്നതിനാൽ, ആരോഗ്യ വകുപ്പിന് കീഴിൽ ന്യൂറോളജിസ്റ്റുമാർ ഉള്ള തിരുവനന്തപുരം, പത്തനംതിട്ട, കാസർഗോഡ്, എറണാകുളം ജനറൽ ആശുപത്രികളിലും, പാലക്കാട്, കാഞ്ഞങ്ങാട് ജില്ലാശുപത്രികളിലും ഇതിനുവേണ്ട ചികിത്സ നൽകി വരുന്നുണ്ട്. |
| (ഡി) | ഏകാഗ്രത നഷ്ടപ്പെടുകയും ഓർമ്മ, യുക്തി, പെരുമാറ്റം എന്നിവയെ ക്രമാനുഗതമായി സാരമായി ബാധിക്കുകയും പിന്നീട് അൽഷിമേഴ്സ് എന്ന രോഗാവസ്ഥയിലേയ്ക്കു എത്തിപ്പെടുകയും ചെയ്യുന്നത് വലിയ സാമൂഹിക വെല്ലുവിളി ഉയർത്തുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ? | (ഡി) | ഏകാഗ്രത നഷ്ടപ്പെടുകയും ഓർമ്മ, യുക്തി, പെരുമാറ്റം എന്നിവയെ സാരമായി ബാധിക്കുകയും പിന്നീട് അൽഷിമേഴ്സ് എന്ന രോഗാവസ്ഥയിലേക്ക് എത്തിപ്പെടുകയും ചെയ്യുന്ന രോഗത്തെ പ്രതിരോധിക്കുന്നതിന് നിലവിൽ ഉപാധികളൊന്നും തന്നെ ഇതുവരെ ലോകത്തെവിടെയും കണ്ടെത്തിയിട്ടില്ല. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മനോരോഗ ചികിത്സ വിഭാഗത്തിലെ സൈക്കോ ജെറിയാട്രിക് ക്ലിനിക്കിൽ ഓർമ്മക്കുറവും വ്യക്തിപരമായ പെരുമാറ്റ പ്രശ്നങ്ങളുമായി വരുന്ന പ്രായാധിക്യം ഉള്ള രോഗികളിൽ അൽഷിമേഴ്സ് രോഗം നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിന് വേണ്ടിയുള്ള ശാരീരികവും മാനസികവുമായ വിശദമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. ഒപ്പം തന്നെ ആയതിനായുള്ള ചികിത്സകളും നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | മേധാക്ഷയം (മറവിരോഗം) എന്ന രോഗാവസ്ഥയുടെ പല കാരണങ്ങളിൽ ഒന്നും, ഏറ്റവും കൂടുതൽ കാണപ്പെടുന്നതുമാണ് അൽഷിമേഴ്സ് രോഗം. മറവി, സാധാരണ ചെയ്യുന്ന കാര്യങ്ങൾ ചെയ്യുവാൻ ബുദ്ധിമുട്ട്, സാധനങ്ങൾ വെച്ച് മറക്കുക, തീരുമാനങ്ങൾ എടുക്കാൻ കഴിയാതെ വരുക, വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ, ആശയവിനിമയത്തിലെ ബുദ്ധിമുട്ടുകൾ ഒക്കെ ഇതിന്റെ ലക്ഷണങ്ങളായി വരാം. അതുകൊണ്ട് തന്നെ ഈ രോഗം നേരത്തെ കണ്ടെത്തുവാനും ചികിത്സയിലേയ്ക്ക് എത്തിക്കുവാനും ശ്രദ്ധിക്കേണ്ടതുണ്ട്. സർക്കാർ ആരോഗ്യവകുപ്പിന്റെ കീഴിൽ അൽഷിമേഴ്സ് രോഗം കണ്ടെത്തുന്നതിനും ചികിത്സക്കുമായി വിവിധ സംവിധാനങ്ങളുണ്ട്. മെഡിക്കൽ കോളേജ് ന്യൂറോളോജി/ സൈക്യാട്രി ഡിപ്പാർട്ട്മെന്റുകൾ ജില്ലാ/ ജനറൽ ആശുപത്രികളിലെ ന്യൂറോളജി, സൈക്യാട്രി ഡിപ്പാർട്ട്മെന്റുകൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ മാനസികാരോഗ്യ പരിപാടി ക്ലിനിക്കുകൾ എന്നിവയിലെല്ലാം ഇതിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ഇതിനായി നേരത്തെ തന്നെ മറവി രോഗത്തിന്റെ അപകട സാധ്യതകൾ തിരിച്ചറിയുക, കൃത്യസമയത്തുള്ള രോഗനിർണ്ണയം എന്നിവ പ്രാധാന്യമുള്ള ഘടകങ്ങളാണ്. ആയതിനാൽ രോഗലക്ഷണങ്ങളെക്കുറിച്ചും, ചികിത്സ സംവിധാനങ്ങളെക്കുറിച്ചുമുള്ള അവ ബോധം ജനങ്ങൾക്കിടയിൽ വർദ്ധിപ്പിക്കുവാനും സ്റ്റിഗ്മ മാറ്റുവാനുമുള്ള IEC പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ